**DE-01/2025/112** **(Pages : 8)**

Maximum : 100 marks

Time : 2 hours

I. ശരിയായ വാക്ക് തെരഞ്ഞെടുത്ത് പൂരിപ്പിക്കുക.

(a) വെളുത്തത് എന്ന അർത്ഥം വരുന്ന പദമാണ്

(i) ശൂനം (ii) ശുപ്രം

(iii) ശുഭ്രം (iv) ശുബ്രം

(b) നിശ്ശബ്ദം എന്നർത്ഥം വരുന്ന പദമാണ്

(i) അനൃതം (ii) ഋന്തം

(iii) ഘോഷം (iv) നിഭൃതം

(c) മുൻകൂട്ടി കാണാനുള്ള കഴിവാണ്

(i) സുദീർഘം (ii) ഹ്രസ്വദൃഷ്ടി

(iii) ദീർഘദൃഷ്ടി (iv) ദീർഖദൃഷ്ടി

(d) സന്തോഷാതിരേകത്താൽ അയാൾ മകനെ

(i) ആശ്ലേഷിച്ചു (ii) വിശ്ലേഷിച്ചു

(iii) അനുരാഗിച്ചു (iv) ആവേശിച്ചു

(e) തന്റെ ശ്രമം __________ ആയതിനാൽ അയാൾ സന്തോഷിച്ചു.

(i) സഫലം (ii) വിഭലം

(iii) സഭലം (iv) വിലയം

(f) തൻകാര്യ സാധ്യത്തിന് ആരുടെ മുന്നിലും __________ നിൽക്കാൻ മടിയില്ലാത്തവരാണ് പലരും.

(i) ഓച്ഛാനിച്ച് (ii) ഓഛരാനിച്ച്

(iii) ഓച്ഛ്ഛാനിച്ച് (iv) ഓചാനിച്ച്

(g) അയാൾ അവിടെ ഏറെനേരം ________ ആയി ഇരുന്നു.

(i) ചിന്താഗ്രസ്തനായി

(ii) ചിന്താഗ്രസ്ഥനായി

(iii) ചിന്താഗൃസ്തനായി

(iv) ചിന്താഗൃസ്ഥനായി

(h) സാമൂഹിക മാധ്യമങ്ങളുടെ ________ വാർത്താവിനിമയമരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാക്കി.

(i) പ്രാജുര്യം

(ii) പ്രാജുരം

(iii) പ്രാചുര്യം

(iv) പ്ര്യാജുര്യം

(i) അനുജനോടൊപ്പമുള്ളവന് ഒറ്റപ്പദമാണ്

(i) അനുജാനുജൻ

(ii) സാനുജൻ

(iii) സോനുജൻ

(iv) സൈനുജൻ

(j) ഋഷിയെ സംബന്ധിക്കുന്നത് എന്നതിന്റെ ഒറ്റപ്പദമാണ്

(i) ഋഷം

(ii) ഋഷഭം

(iii) ആർഷം

(iv) ഋഷികേശം

**(10 × 1 = 10 Marks)**

II. ചുവടെ തന്നിരിക്കുന്നതിൽ അർത്ഥവ്യത്യാസമുള്ള പദം കണ്ടെത്തുക.

(a) (i) ദുഗ്ദ്ധം

(ii) പയസ്സ്

(iii) പായസം

(iv) ക്ഷീരം

(b) (i) പക്ഷി

(ii) പതംഗം

(iii) കക്ഷി

(iv) വിഹംഗം

(c) (i) തപസ്സ്

(ii) വാണി

(iii) വചസ്സ്

(iv) ഗീര്

(d) (i) കിരീടം (ii) മകുടം
(iii) കോടീരം (iv) തൂണീരം

(e) (i) കനകം (ii) ഹേമം
(iii) ഹിരണ്യം (iv) ഹിമം

(f) (i) ഏണം (ii) ഏണി
(iii) മൃഗം (iv) മാൻ

(g) (i) ആനന്ദം (ii) വദനം
(iii) ആസ്യം (iv) ആനനം

(h) (i) കതിർ (ii) കിരണം
(iii) ആഭ (iv) അംശു

(i) (i) ഗാത്രം (ii) നേത്രം
(iii) അക്ഷി (iv) ലോചനം

(j) (i) പതിവ്രത (ii) പാതിവ്രത
(iii) സുചരിത (iv) സാദ്ധ്വി

**(10 × 1 = 10 Marks)**

III. വിട്ടുപോയ അക്ഷരം ചേർത്ത് പൂരിപ്പിക്കുക

(a) തീർ—ടനം
(ത്ഥാ, ത്താ)

(b) നിഷാ—ൻ
(ദ, ത)

(c) നി—ലം
(ഖി, ഘി)

(d) മ—കം

(ണ്ടൂ, ണ്ഡൂ)

(e) സ്നി—ൻ

(ഗ്ദ്ധ, ക്ധ)

(f) പ്ര—ഷണം

(ഭാ, ബാ)

(g) —ച്ഛാധിപത്യം

(സ്വേ, സേ)

(h) വി—

(ഠി, ഢ്ഢി)

(i) ചൂ—മണി

(ഡാ, ഢാ)

(j) വിദ്യു—ക്തി

(ച്ഛ, ശ്ച)

**(10 × 1 = 10 Marks)**

IV. താഴെ നൽകിയിട്ടുള്ള ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

പാശ്ചാത്യ ലോകത്ത് നവോത്ഥാനദാർശനികത കടന്നുവരുന്നത് പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലാണ്. ഇക്കാലത്ത് ഒട്ടേറെ നൂതനമായ ആശയസംഹിതകളും രൂപനിർമ്മിതികളും ആവിർഭവിക്കുകയുണ്ടായി. വ്യവസായ വത്കരണത്തിന് സഹായകമായ വിധത്തിൽ ലോകമെമ്പാടുമുള്ള കോളനികളിൽ നിന്നും അസംസ്കൃത വസ്തുക്കൾ യൂറോപ്പിലേക്ക് പ്രവഹിച്ചു. ഫ്രഞ്ച് വിപ്ലവം സാധാരണക്കാരായ മനുഷ്യരെ സംഘടിത ശക്തിയെക്കുറിച്ച് ബോധവാന്മാരാക്കുകയും മനുഷ്യന്റെ അജയ്യതയെക്കുറിച്ച് തിരിച്ചറിവുണ്ടാക്കുകയും ചെയ്തു. ഡാർവ്വിൻറെ പരിണാമസിദ്ധാന്തം ദൈവത്തെ കേന്ദ്രത്തിൽ നിന്ന് അടർത്തുകയും പകരം മനുഷ്യനെ അവിടെ പ്രതിഷ്ഠിക്കുകയുമായിരുന്നു. മാർക്സിന്റെ ഉല്പാദനബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള സാമൂഹിക സിദ്ധാന്തം അടിത്തട്ടിലെ ജനതയ്ക്ക് സാന്ത്വനവും, പ്രതീക്ഷയും നൽകി. ശാസ്ത്രീയമായ പുരോഗതി ഭൗതിക ജീവിതത്തിലെ ആയാസങ്ങൾ

ലഘൂകരിച്ചുകൊണ്ട് പുതിയ അനുഭവം പ്രദാനം ചെയ്തു. ഇങ്ങനെ ചിന്തയുടെയും പ്രവൃത്തിയുടേയും മണ്ഡലങ്ങളിൽ സംഭവിച്ച പരിവർത്തനം യൂറോപ്യൻ നവോത്ഥാനത്തിൽ പ്രധാനമായിരുന്നു. ലോകമഹായുദ്ധങ്ങൾ മനുഷ്യന്റെ അജയ്യതയെന്ന സങ്കല്പത്തിന് തിരിച്ചടിയായി. സാങ്കേതിക മുന്നേറ്റങ്ങൾ മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും പ്രകൃതിക്കുതന്നെയും ഭീഷണിയാണെന്ന തിരിച്ചറിവുണ്ടാക്കി. മനുഷ്യജീവിതത്തിൽ പൊടുന്നനെ സംഭവിക്കുന്ന ചില അനിശ്ചിതത്വവും, യുദ്ധത്തിന്റെ കഠിനാനുഭവങ്ങളും സാമൂഹിക വ്യക്തിയെ നിരാകരിച്ചുകൊണ്ട്, ചിന്തയുടെ കേന്ദ്രസ്ഥാനത്ത് കേവല വ്യക്തിയെ പ്രതിഫലിപ്പിക്കാനുള്ള പ്രചോദനം ചിന്തകർക്ക് നൽകി. ആശയവാദത്തിനും വസ്തുവാദത്തിനും എതിരെയുള്ള വ്യക്ത്യധിഷ്ഠിതമായ അസ്തിത്വവാദത്തിന് അതോടെ പ്രസക്തിയേറി. ഡാനിഷ് ചിന്തകനായ സോറൻ കിർക്കഗാർ, ക്രിസ്തീയതത്വചിന്തയോട് ബന്ധപ്പെടുത്തി അസ്തിത്വചിന്തയുടെ ആസ്തികധാരയ്ക്ക് പ്രതിഷ്ഠാപനം നൽകാൻ ശ്രമിച്ചു. താത്വികഗ്രന്ഥങ്ങളും സാഹിത്യസൃഷ്ടികളും രചിച്ചുകൊണ്ട് ഫ്രഞ്ച് ദാർശനികനായ സാർത്രും നാസ്തികധാരയിലൂടെയാണ് നീങ്ങിയത്. സത്തയല്ല അസ്തിത്വമാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രധാനം എന്ന സാർത്രിന്റെ പ്രഖ്യാപനം ഏറ്റെടുത്ത അസ്തിത്വവാദികൾ യൂറോപ്പിൽ മാത്രമല്ല ഭിന്ന ദേശങ്ങളിലായി അസ്തിത്വചിന്തയെ അനുസരിക്കുന്ന കൃതികളിലൂടെ ആധുനികതയെ വ്യാപിപ്പിച്ചു. ഇത്തരത്തിൽ ആസ്തികവും നാസ്തികവുമായ വ്യത്യസ്തധാരകളിലൂടെ അസ്തിത്വം നേടിയ അസ്തിത്വവാദമാണ് ആധുനികതയ്ക്ക് അടിസ്ഥാനമായ ദാർശിനിക വീക്ഷണമായത്.

(a) പാശ്ചാത്യ ലോകത്ത് നവോത്ഥാന ദാർശനികത കടന്നു വരുന്നത് ഏത് കാലഘട്ടത്തിലാണ്?

(b) കോളനികളിൽ നിന്ന് അസംസ്കൃതവസ്തുക്കൾ യൂറോപ്പിലേക്ക് എത്തിച്ചത് എന്തിനായിരുന്നു?

(c) മനുഷ്യന്റെ സംഘടിത ശക്തിയേയും അജയ്യതയേയും കുറിച്ച് ബോധമുളവാക്കിയത് എന്തായിരുന്നു?

(d) അടിത്തട്ടിലുള്ള ജനതയ്ക്ക് സാന്ത്വനവും പ്രതീക്ഷയും നൽകിയ സിദ്ധാന്തം എന്തായിരുന്നു?

(e) ശാസ്ത്രീയ പുരോഗതി ഭൗതികജീവിതത്തിൽ വരുത്തിയ മാറ്റമെന്ത്?

(f) മനുഷ്യന്റെ അജയ്യതയ്ക്ക് തിരിച്ചടി ആയതെന്ത്?

(g) മനുഷ്യനും, ജീവജാലങ്ങൾക്കും, പ്രകൃതിക്കുതന്നെയും ഭീഷണി ആയതെന്തായിരുന്നു?

(h) വ്യക്ത്യധിഷ്ഠിതമായ വാദത്തിന് പറയുന്ന പേരെന്ത്?

(i) സത്തയല്ല അസ്തിത്വമാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം പ്രധാനം എന്ന് പ്രഖ്യാപിച്ചതാര്?

(j) ആധുനികതയ്ക്ക് അടിസ്ഥാനമായ ദാർശനിക വിക്ഷണമായത് എന്ത്?

**(10 × 1 = 10 Marks)**

V. ആശയം വ്യക്തമാക്കുക. 2 മാർക്ക് വീതം.

(a) 'അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം
അന്യഥാവരുത്തുവാൻ കുന്ന് മുതിർന്നീടുമോ'

(b) 'ഗതി കെട്ടാൽ പുലി പുല്ലും തിന്നും'

(c) 'ക്രോധം പരിത്യജിക്കേണം ബുധജനം
ക്രോധമല്ലോ യമനായതു നിർണ്ണയം'

(d) 'മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും ശുദ്ധജലം തന്നിലേ കുളിച്ചാലും'

(e) 'ശ്രീഭൂവിലസ്ഥിര അസംശയം'

**(5 × 2 = 10 Marks)**

VI. ഉപന്യാസം തയ്യാറാക്കുക.

കൗമാരക്കാരിൽ വർദ്ധിച്ചു വരുന്ന അക്രമവാസനയും, പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

**(10 Marks)**

VII. നിവേദനം തയ്യാറാക്കുക.

സ്കൂൾ കലോത്സവമത്സരങ്ങളിലെ വിധി നിർണ്ണയത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി വിദ്യാഭ്യാസ മന്ത്രിക്ക് ഒരു നിവേദനം തയ്യാറാക്കുക.

**(10 Marks)**

VIII. ചുവടെ തന്നിട്ടുള്ള കഥാസന്ദർഭത്തിന്റെ രൂപരേഖ വികസിപ്പിച്ച് ഒരു കഥാരചന പൂർത്തിയാക്കുക.

കടലോട് ചേർന്ന് കിടക്കുന്ന ഗ്രാമപ്രദേശം _____ ജനങ്ങൾ _____ മത്സ്യബന്ധനം _____ കൃഷി _____ നിരപ്പായ പ്രതലത്തിൽ കുടിലുകളിൽ വാസം _____ ഒരു വൃദ്ധനും കൊച്ചുമകനും _____ ജനങ്ങൾ മുഖം തിരിച്ചു _____ സമീപത്തുള്ള കുന്നിൻ ചരുവിൽ കുടിൽ കെട്ടി താമസിച്ചു. _____ സമീപത്ത് ഗ്രാമവാസികളുടെ കൃഷിയിടങ്ങൾ _____ വൃദ്ധൻ പ്രകൃതി നിരീക്ഷിക്കുന്നു _____ മാറ്റങ്ങൾ _____ ശക്തമായ കടലിരമ്പം _____ വൻതിരമാലകൾ _____ ഗ്രാമവാസികൾ അപകടത്തിൽ _____ കൊച്ചുമകൻ അലറിക്കരഞ്ഞു _____ വൃദ്ധൻ തൊട്ടടുത്തുകണ്ട കൃഷിയിടത്തിന് തീയിട്ടു _____ കുപിതരായ ഗ്രാമവാസികൾ _____ ആയുധങ്ങളുമായി വൃദ്ധനടുത്തേക്ക് _____ കുടിലുകൾ തിരമാല കവർന്നു _____ ഗ്രാമവാസികൾ വൃദ്ധനെ വണങ്ങി.

**(10 Marks)**

IX. വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി രണ്ടു സുഹൃത്തുക്കൾ തമ്മിലുള്ള സംഭാഷണം തയ്യാറാക്കുക.

**(10 Marks)**

X. ആശയം ചോർന്നു പോകാതെ മൂന്നിലൊന്നായി സംഗ്രഹിക്കുക.

1974-ൽ ആദ്യത്തെ ആണവ പരീക്ഷണത്തിനായി തയ്യാറെടുക്കുകയായിരുന്നു ഹോമി സെഥ്നയുടെ നേതൃത്വത്തിലുള്ള ഇന്ത്യയിലെ ആണവ ശാസ്ത്രജ്ഞർ, പരീക്ഷണത്തിന്റെ ചുമതലയുള്ള ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിന്റെ തലവൻ ഡോ. രാജാ രാമണ്ണ പരീക്ഷണസ്ഥലമായ രാജസ്ഥാനിലെ പൊഖ്റാൻ റേഞ്ചിലെത്തി. തന്റെ രണ്ടാമൻ ഡോ. പി.കെ. അയ്യങ്കാരോട് ചോദിച്ചു. "എല്ലാം ശരിയാകുമോ?" "ഇത് ശരിയായേ പറ്റൂ. ആയില്ലെങ്കിൽ ഫിസിക്സിന്റെ നിയമങ്ങളെല്ലാം തെറ്റാണ്" എന്നായിരുന്നു അയ്യങ്കാരുടെ മറുപടി. പരീക്ഷണത്തിന്റെ ഫിസിക്സ് എല്ലാം നോക്കാൻ അയ്യങ്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ, രാമണ്ണ നേരിട്ടു റിക്രൂട്ട് ചെയ്ത സോഡാക്കുപ്പിക്കണ്ണട വച്ച ഒരു ചെറുപ്പക്കാരനെ ആയിരുന്നു ഡോ. രാജഗോപാലൻ ചിദംബരം. അവന്റെ ഫിസിക്സ് തെറ്റില്ലെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു.

രാമണ്ണയ്ക്കും ചിദംബരത്തെ ഇഷ്ടമായിരുന്നു. അതിന് കാരണം മറ്റൊന്നായിരുന്നു 'അവന് വായടച്ചു വയ്ക്കാനറിയാം' രാമണ്ണ ഓർമ്മക്കുറുപ്പുകളിൽ പിന്നീടെഴുതി. കാൽ നൂറ്റാണ്ടിന്റെ വ്യത്യാസത്തിൽ നടന്ന ഇന്ത്യയുടെ രണ്ട് ആണവ പരീക്ഷണങ്ങളിലും പ്രധാന പങ്ക് വഹിച്ച ഏക വ്യക്തി ഡോ. ചിദംബരമായിരിക്കാം. ആദ്യത്തെ പരീക്ഷണത്തിന്റെ കാതലായ ഫിസിക്സ് അദ്ദേഹമാണ് നോക്കിയതെങ്കിൽ, 1998 ലെ പരീക്ഷണങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം അറ്റോമിക് എനർജി കമ്മീഷന്റെ അധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹത്തിനായിരുന്നു. എന്നിട്ടും 1998 ലെ പരീക്ഷണത്തിൽ തനിക്കും ബോംബ് യഥാർത്ഥത്തിൽ നിർമ്മിച്ച അനിൽ കാക്കോദ്ക്കർക്കും മറ്റ് ആണവ ശാസ്ത്രജ്ഞർക്കും ലഭിക്കേണ്ട അംഗീകാരം വേണ്ടത്ര ലഭിക്കാതിരുന്നപ്പോഴും അദ്ദേഹം വായടച്ചു പിടിച്ചു.

1999 ന് മുൻപു തന്നെ ആയുധമുണ്ടാക്കാനുള്ള സാങ്കേതികവിദ്യ ഇന്ത്യയ്ക്കുണ്ടെന്ന് ചിദംബരത്തിന് ബോധ്യമുണ്ടായിരുന്നു. ഇക്കാര്യം ഓരോ പ്രധാനമന്ത്രിമാരേയും അറിയിച്ചുകൊണ്ടുമിരുന്നു. ഇതനുസരിച്ച് പി.വി. നരസിംഹറാവു ആണവ പരീക്ഷണത്തിന് സമ്മതം മൂളുകയും ചെയ്തതാണ്. പക്ഷേ, അവസാന നിമിഷം അമേരിക്കൻ ഉപഗ്രഹക്കണ്ണുകൾ പരീക്ഷണത്തിനുള്ള തയ്യാറെടുപ്പുകൾ പിടിച്ചെടുത്ത് സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തിയതോടെ അത് റദ്ദാക്കേണ്ടിവന്നു. ഒടുവിൽ 1998-ൽ വാജ്പേയി പരീക്ഷണത്തിനു തയ്യാറായി. ചിദംബരവും കാക്കോദ്ക്കറും ഉൾപ്പെട്ട ആണവശാസ്ത്രജ്ഞന്മാർ തയ്യാറാക്കുന്ന ആയുധം മിസൈൽ പോർമുനയാക്കാൻ പ്രതിരോധ ഗവേഷണ വകുപ്പ് തലവൻ ഡോ. അബ്ദുൽ കലാമും തയ്യാറായി.

ഇത്തവണ അമേരിക്കൻ ഉപഗ്രഹങ്ങളുടെ കണ്ണിൽ മണ്ണെറിയാൻ തന്നെ അവർ തീരുമാനിച്ചു. സൈന്യത്തിന്റെ ഒരു പരിശീലന ഫയറിങ്ങിനുള്ള തയ്യാറെടുപ്പുകളാണ് പൊഖ്റാനിൽ നടക്കുന്നതെന്ന് തോന്നിക്കാൻ ചിദംബരവും, കലാമും, മറ്റു ശാസ്ത്രജ്ഞന്മാരുമെല്ലാം സൈനിക യൂണിഫോമിലാണ് അവിടെ എത്തിയതും ദിവസങ്ങളോളം അവിടെ കൂടാരമടിച്ചു കഴിഞ്ഞതും. കേണൽ നടരാജൻ എന്നായിരുന്നു ചിദംബരത്തിന്റെ ആ ദിവസങ്ങളിലെ വിളിപ്പേര് കലാമാകട്ടെ മേജർ പൃഥിരാജും.

**(10 Marks)**

---